## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 342 — 10.06.2014-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതവത്ക്കരണം

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676 ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് വിശദമാക്കുമോ ;

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്കരിക്കുവാൻ മിഷൻ 676-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ഈ പദ്ധതി 01.08.2014 നകവും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 30.09.2014നകവും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. (ഇടുക്കി ജില്ലയിൽ പത്താം പഞ്ചവത്സര പദ്ധതിയിൽ പ്പെടുത്തി നടപ്പിലാക്കിയിരുന്നു).

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മിഷൻ 676-ന്റെ ഭാഗമായി 676 ദിവസങ്ങൾക്കുള്ളിൽ 8.7 ലക്ഷം പുതിയ സർവ്വീസ് കണക്ഷനുകൾ നൽകുന്നതാണ്. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

| | |
|---|---|
| 100 ദിവസത്തിനുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1 ലക്ഷം |
| 101-200 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1.15 ലക്ഷം |
| 201-300 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1.3 ലക്ഷം |
| 301-400 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1.35 ലക്ഷം |
| 401-500 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1.30 ലക്ഷം |
| 501-600 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന | 1.31 |

| | |
|---|---|
| കണക്ഷനുകൾ | ലക്ഷം |
| 601-676 ദിവസങ്ങൾക്കുള്ളിൽ നൽകുന്ന കണക്ഷനുകൾ | 1.30 ലക്ഷം |

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ ;

(സി) കേന്ദ്ര പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതികരൺ യോജന അനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

(ഡി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ വിഭാഗം ഡയറക്ടർ, എല്ലാ ചീഫ് എൻജിനീയർമാരെയും വിളിച്ചു കൂട്ടിയ യോഗത്തിൽ. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊള്ളണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.